**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറക്കുന്നതിന് കോവിഡ് പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീമതി ഇ. എസ്. ബിജിമോൾ,<br>ശ്രീ. ആർ. രാമചന്ദ്രൻ** | | **Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി)** | |
| (എ) | കോവിഡ് രോഗബാധയെത്തുടർന്ന് മാസങ്ങളായി അടച്ചിട്ടിരിക്കുന്ന സ്കൂളുകൾ തുറക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | 17/12/2020 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നത തല യോഗത്തിൽ 2021 ജനുവരി 1 മുതൽ 10,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർ പഠനത്തിനും, റിവിഷനും, സംശയ ദൂരീകരണത്തിനുമായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ സ്കൂളിലെത്താമെന്ന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജനുവരി 1 മുതൽ 10,12 ക്ലാസ്സിലെ കുട്ടികൾ സ്കൂളിലെത്തി പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ട്. 300 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു ദിവസം 50% വും 300 ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 25% കുട്ടികളും, ആദ്യ ആഴ്ച ഒരു ബഞ്ചിൽ ഒരു കുട്ടി എന്ന നിലയിലുമാണ് കുട്ടികളെ ക്രമീകരിച്ചിരിക്കുന്നത്. മറ്റ് ക്ലാസുകളിലെ കുട്ടികൾ സ്കൂളുകളിലെത്തുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (ബി) | സ്കൂൾ തുറക്കുന്നതിന് കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചതെന്ന് അറിയിക്കുമോ; | (ബി) | ആരോഗ്യ വകുപ്പിന്റേയും കേന്ദ്ര സർക്കാരിന്റേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രഥമാധ്യാപകർക്കും അധ്യാപകർക്കും കുട്ടികൾക്കുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കേരള ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസിലും സാനിറ്റൈസർ വിതരണം ചെയ്തു. കൂടാതെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു വെറ്റ് മാറ്റ്, ഒരു ഡ്രൈമാറ്റ്, പ്ലാസ്റ്റിക് ട്രേ ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റും സ്കൂളുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. കുട്ടികൾ ശാരീരിക അകലം പാലിക്കുന്നതിനുവേണ്ട |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ മാർഗ്ഗരേഖ ആരോഗ്യവകുപ്പിന്റെ ഉപദേശാനുസരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ സ്കൂളിലും കോവിഡ് സെൽ രൂപീകരിക്കുന്നതിനും സെല്ലിലുൾപ്പെടുത്തേണ്ട അംഗങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രോഗ ലക്ഷണമുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി ഓരോ സ്കൂളിലും സിക്ക് റൂം സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യസഹായം ആവശ്യമുണ്ടെങ്കിൽ ആയതിനുള്ള സൗകര്യവും ആരോഗ്യ വകുപ്പുമായി ചേർന്ന് ഒരുക്കിയിട്ടുണ്ട്. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നുവെന്ന് സ്കൂളുകൾ സന്ദർശിച്ച് ഉറപ്പുവരുത്തുന്നതിന് ജില്ല/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലും ഇക്കാര്യങ്ങളിൽ നിരീക്ഷണങ്ങൾ നടന്നുവരുന്നുണ്ട്. |
| (സി) | സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നും ശാരീരിക അകലം, മറ്റ് കോവിഡ് പ്രതിരോധ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | ആരോഗ്യ വകുപ്പിന്റേയും കേന്ദ്ര സർക്കാരിന്റേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രഥമാധ്യാപകർക്കും അധ്യാപകർക്കും കുട്ടികൾക്കുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കേരള ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസിലും സാനിറ്റൈസർ വിതരണം ചെയ്തു. കൂടാതെ കേരള സ്റ്റേറ്റ് കയർ കേർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു വെറ്റ് മാറ്റ്, ഒരു ഡ്രൈമാറ്റ്, പ്ലാസ്റ്റിക് ട്രേ ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റും സ്കൂളുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. കുട്ടികൾ ശാരീരിക അകലം പാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ മാർഗ്ഗരേഖ ആരോഗ്യവകുപ്പിന്റെ ഉപദേശാനുസരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ സ്കൂളിലും കോവിഡ് സെൽ രൂപീകരിക്കുന്നതിനും സെല്ലിലുൾപ്പെടുത്തേണ്ട അംഗങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രോഗ ലക്ഷണമുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി ഓരോ സ്കൂളിലും സിക്ക് റൂം സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യസഹായം ആവശ്യമുണ്ടെങ്കിൽ ആയതിനുള്ള സൗകര്യവും ആരോഗ്യ വകുപ്പുമായി ചേർന്ന് ഒരുക്കിയിട്ടുണ്ട്. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നുവെന്ന് |

| | | | |
|---|---|---|---|
| | | | സ്കൂളുകൾ സന്ദർശിച്ച് ഉറപ്പുവരുത്തുന്നതിന് ജില്ല/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലും ഇക്കാര്യങ്ങളിൽ നിരീക്ഷണങ്ങൾ നടന്നുവരുന്നുണ്ട്. |
| (ഡി) | വിദ്യാർത്ഥികളുടെ പഠന പ്രയാസങ്ങളും മറ്റ് ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് കൗൺസിലിങ് ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കൗൺസിലിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പത്ത്, പ്ലസ്ടു തുടങ്ങിയ ക്ലാസുകൾ ഒഴികെയുള്ള മറ്റ് ക്ലാസുകൾക്ക് എന്നത്തേയ്ക്ക് സ്കൂൾ തുറന്ന് പഠനം ആരംഭിക്കുമെന്നുള്ള വിവരങ്ങൾ അറിയിക്കുമോ? | (ഇ) | ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ